പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം. 3153

21.08.2017-ൽ

മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പദ്ധതി നിർവ്വഹണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ഡോ. കെ. ടി. ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) |
| എ) 2017-18 ൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വാർഷികപദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുമോ; | എ) 2017-18 ൽ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) ഇതിനായി സ്വീകരിച്ച നടപടികളുടെ വിശദവിവരം നൽകുമോ? | ബി) 2017-18 ലെ വാർഷിക പദ്ധതി നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 2017-18 ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വാർഷിക പദ്ധതി രൂപീകരണം 2017 ജൂൺ 15 നകം പൂർത്തിയാക്കിയിട്ടുണ്ട്. നടപടിക്രമങ്ങൾ ലളിതമാക്കുന്നതിന്റെ ഭാഗമായി ഗ്രാമ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും നഗര തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും പ്രത്യേകം ആസൂത്രണ മാർഗരേഖ പുറപ്പെടുവിക്കുകയും നിർബന്ധമായും അനുവർത്തിക്കേണ്ട കാര്യങ്ങളും അഭികാമ്യമായ കാര്യങ്ങളും സംബന്ധിച്ച് മാർഗരേഖയിൽ പരമാവധി വ്യക്തത വരുത്തുകയും ചെയ്തിട്ടുണ്ട്. പ്രോജക്ടുകൾക്ക് സമയബന്ധിതമായി അംഗീകാരം നൽകുന്നുവെന്ന് ഉറപ്പാക്കാൻ പ്രത്യേകം നിരീക്ഷണ സമിതികൾക്കും രൂപം നൽകിയിട്ടുണ്ട്. കൂടാതെ, ജില്ലാ ആസൂത്രണ സമിതികൾ ബ്ലോക്ക്തല അവലോകനങ്ങളും വകുപ്പുതല അവലോകന യോഗങ്ങളും സംഘടിപ്പിച്ചു വരുന്നു. |

വിവിധ മിഷനുകളുടെ പ്രവർത്തനങ്ങളുമായി തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ സംയോജിപ്പിച്ച് ആസൂത്രണം ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ആസൂത്രണ നിർവ്വഹണ പ്രക്രിയയിലെ ജനപങ്കാളിത്തം വർദ്ധിപ്പിക്കാൻ ഭരണ സമിതിയെ സഹായിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ആസൂത്രണ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ